"ഭരണഭാഷ — മാതൃഭാഷ"

നമ്പർ.സി1/ഇ-128348/2020/റ്റി.സി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 16/03/2020

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- **മോട്ടോർ വാഹന വകുപ്പ്** — വാഹനങ്ങളുടെ Emission standard Bharat Stage IV -ൽ നിന്ന് Bharat Stage VI - ലേയ്ക്ക് മാറുന്നതിനോടനുബന്ധിച്ച് നൽകുന്ന നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന :-
1. Notification Number GSR 889/(E)dated, 16/09/2016.
2. Notification Number GSR 178/(E)dated, 20/02/2018.
3. 12/03/2020-ൽ ബഹു.ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനങ്ങൾ.

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സൂചന(1) പ്രകാരം 01/04/2020 മുതൽ BS VI സർട്ടിഫിക്കറ്റുള്ള വാഹനങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ കഴിയുകയുള്ളൂ. വില്പന നടത്തുന്നതും, താൽക്കാലിക രജിസ്ട്രേഷൻ സമ്പാദിച്ച കഴിഞ്ഞതുമായ ധാരാളം BS IV വാഹനങ്ങൾ 01/04/2020—ന മുൻപായി രജിസ്ട്രേഷനു വേണ്ടി ഓഫീസുകളിൽ സമീപിക്കുവാൻ സാദ്ധ്യതയുണ്ട്. ഈ അവസരത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. രജിസ്ട്രേഷനുള്ള അപേക്ഷകൾ അവധി ദിവസങ്ങളിലും സ്വീകരിക്കുവാൻ വേണ്ടി 31/03/2020 വരെയുള്ള അവധി ദിവസങ്ങളിൽ ഒരു ക്ലാർക്ക്, ഒരു എ.എം.വി.ഐ. എന്നിവരെ ഡ്യൂട്ടിയ്ക്ക് പോസ്റ്റ് ചെയ്യേണ്ടതാണ്. ഇങ്ങനെ അവധി ദിവസങ്ങളിൽ ജോലി നോക്കുന്നവർക്ക് 01/04/2020—ന ശേഷം കോമ്പൻസേറ്ററി ഓഫ് അനുവദിക്കാവുന്നതാണ്. BS IV വാഹനങ്ങളുടെ Temporary Registration അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ഒരു മണിക്കൂറിനുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.
2. ഓഫീസ് മേലധികാരിക്ക് ആവശ്യമാണെന്ന് തോന്നുന്ന പക്ഷം എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഉദ്യോഗസ്ഥരെ രാവിലെയും വൈകുന്നേരവും അധിക സമയം പ്രവർത്തിക്കുവാൻ അനുവദിക്കാവുന്നതാണ്. വാഹന പരിശോധനയ്ക്കായി 12 മണി എന്നുള്ള സമയപരിധി ഈ

കാലയളവിൽ ഒഴിവാക്കി, അതാത് ഓഫീസ് പരിസരത്ത് തന്നെ വാഹനങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യാവുന്നതാണ്.

3. നിലവിൽ താൽക്കാലിക രജിസ്ട്രേഷൻ സമ്പാദിച്ച് കഴിഞ്ഞതും എന്നാൽ സ്ഥിര രജിസ്ട്രേഷൻ സമ്പാദിക്കാത്തതുമായ വാഹനങ്ങൾ അതാത് ഓഫീസിൽ തന്നെ കണ്ടുപിടിക്കുവാനുള്ള രീതി ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു (Annexure I). ഇങ്ങനെയുള്ള വാഹനങ്ങളുടെ ലിസ്റ്റ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും എത്രയും വേഗം രജിസ്ട്രേഷന് വേണ്ടി അപേക്ഷ സമർപ്പിക്കുവാൻ നോട്ടീസ് ബോർഡ് മുഖാന്തിരവും പത്രക്കുറിപ്പിലൂടെയും ആവശ്യപ്പെടാവുന്നതാണ്.

4. സ്മാർട്ട് മൂവ് സോഫ്റ്റ് വെയർ മുഖാന്തിരം അപേക്ഷ സമർപ്പിക്കുകയും എന്നാൽ നിലവിൽ സ്ഥിര രജിസ്ട്രേഷൻ സമ്പാദിക്കാതിരിക്കുകയും ചെയ്യുന്ന വാഹനങ്ങൾ സ്ഥിരരജിസ്ട്രേഷനായി സമീപിക്കുന്നുവെങ്കിൽ, ആയത് പരിശോധിച്ച് നിയമപരമായി രജിസ്ട്രേഷൻ നടത്തേണ്ട വാഹനം ആണെങ്കിൽ സ്മാർട്ട് മൂവിൽ തന്നെയോ, അല്ലെങ്കിൽ വാഹനിലോ രജിസ്റ്റർ ചെയ്തു നൽകാവുന്നതാണ്.

5. 31/03/2020 വരെ ലഭിക്കുന്ന BS IV ബോഡിയോടുകൂടിയതോ പ്ലാറ്റ് ഫോം ബോഡിയോടുകൂടിയതോ ആയ വാഹനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ അപേക്ഷകൾ അംഗീകരിക്കുന്നതോടൊപ്പം തന്നെ സ്ഥിരം രജിസ്ട്രേഷൻ കൂടി ചെയ്തു നൽകേണ്ടതാണ്. അത്തരം വാഹനങ്ങൾ ആർ.സി.ബുക്ക് നൽകുന്നതിനു മുൻപായി ഇൻസ്പെക്ഷൻ നടപടികൾ നടത്തിയാൽ മതിയാകും.

6. ലഭ്യമായ അപേക്ഷകൾ അതതു ദിവസം തന്നെ രജിസ്റ്റർ ചെയ്യേണ്ടതും വാഹൻ സോഫ്റ്റ് വെയറിൽ എന്തെങ്കിലും സാങ്കേതിക തടസങ്ങൾ ഉണ്ടായാൽ Zero Desk -ൽ പരാതി രജിസ്റ്റർ ചെയ്യേണ്ടതും എത്രയും പെട്ടെന്ന് പരിഹാരം കണ്ടെത്തേണ്ടതുമാണ്. സോഫ്റ്റ്വെയർ സാങ്കേതികത കാരണം യാതൊരു അപേക്ഷയും നിരസിക്കുവാൻ പാടുള്ളതല്ല.

വിശ്വസ്തതയോടെ,
(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ(ടാക്സേഷൻ)

16/3/2020.